# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 95 | 25/04/2017 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള ചികിൽസാ സഹായം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്കുള്ള പരിധി വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു വ്യക്തിയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പരിധി ജില്ലാ കളക്ടർക്ക് 2,000/- രൂപയിൽ നിന്ന് 10,000 രൂപയായും ഒരു മാസം അനുവദിക്കാവുന്ന ധനസഹായത്തിന്റെ പരിധി മൂന്ന് ലക്ഷം രൂപയിൽ നിന്ന് പത്തു ലക്ഷം രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം അനുവദിക്കുന്ന സഹായം എത്രയും വേഗം രോഗികൾക്ക് എത്തിക്കുവാനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺ ലൈൻ സംവിധാനം കൂടി ഏർ പ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർ ദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ